## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 16 — 10.06.2013-ൽ മറുപടിക്ക്

**<u>വിഴിഞ്ഞം മദർപോർട്ടിന്റെ നിർമ്മാണം.</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.മോൻസ് ജോസഫ്. | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം മദർപോർട്ടിന്റെ നിർമ്മാണം സമയബന്ധിതമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | ലാന്റ് ലോർഡ് മോഡലിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വിഴിഞ്ഞം മദർ പോർട്ടിന്റെ നിർമ്മാണം സമയബന്ധിതമായി നടപ്പിലാക്കാൻ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പാരിസ്ഥിതിക പഠന റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകൃത കൺസൾട്ടൻസികൾ വഴി പൂർത്തിയാക്കി, അവരുടെ സംയോജിത പാരിസ്ഥിതിക പഠന റിപ്പോർട്ട് 2013 മേയ് 28-ാം തീയതി പ്രസിദ്ധീകരിക്കുകയും, കേന്ദ്ര വന പരിസ്ഥിതി മന്ത്രാലയത്തിന്റെ 2006 - ലെ ഇ.ഐ.എ നോട്ടിഫിക്കേഷൻ പ്രകാരം പബ്ലിക്ക് ഹിയറിംഗ് നടത്തുന്നതിലേയ്ക്കായ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിക്കുകയുംചെയ്തു. പബ്ളിക്ക് ഹിയറിംഗ് ജൂൺ 29-ാം തീയതി തിരുവനന്തപുരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നട |

| | | | |
|---|---|---|---|
| | | | ത്തുവാൻ ഉദ്ദേശിക്കുന്നു. പബ്ലിക്ക് ഹിയറിംഗിന്റെ സാരാംശം കൂടി ഉൾക്കൊള്ളിച്ച് സമ്പൂർണ്ണ സാമൂഹിക - പാരിസ്ഥിതിക പഠന റിപ്പോർട്ട് 2013 ജൂലൈ മാസത്തോടുകൂടി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതിയ്ക്കായി അപേക്ഷയോടൊപ്പം സമർപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>2. പദ്ധതിയ്ക്കായി പൂർത്തിയാക്കിയ മാസ്റ്റർ പ്ലാൻ റിപ്പോർട്ടും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും 2013 മേയ് 30-ാം തീയതി ബഹു.മുഖ്യമന്ത്രി പ്രസിദ്ധീകരിക്കുകയുണ്ടായി.<br>3. പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ നിർമ്മാണം തുടങ്ങുന്നതിനുള്ള ഇ.പി.സി ടെൻഡർ ക്ഷണിക്കത്തക്ക തരത്തിൽ ഇ.പി.സി ഡോക്യുമെന്റേഷൻ പുരോഗമിച്ചു വരുന്നു.<br>4. പദ്ധതി നിർമ്മാണത്തിന് ഏറ്റവും അത്യന്താപേക്ഷിതമായി വേണ്ടി വരുന്ന സ്ഥലത്തിന്റെ 98 % |
| | | | ഏറ്റെടുത്തു കഴിഞ്ഞു. വെയർ ഹൗസിനായി കോട്ടുകാൽ വില്ലേജിൽ കണ്ടെത്തിയിട്ടുള്ള 41.53 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.<br>5. പദ്ധതിയുടെ ചെലവ് പുനർനിശ്ചയിച്ചു. പദ്ധതിയ്ക്ക് പാരിസ്ഥിതിക അനുമതി ലഭിക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | മുറയ്ക്ക് ധനസമാഹരണം ലഭ്യമാക്കത്തക്കവിധം നടപടിക്രമങ്ങൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖകമ്പനിയുടെ നേതൃത്വത്തിൽ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്.<br>6. ബാഹ്യാടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പദ്ധതി പ്രദേശത്തേയ്ക്ക് വെള്ളായണി ശുദ്ധ ജലതടാകത്തിൽ നിന്നും 3 എം എൽ ഡി ജലം എത്തിക്കുന്നതിനുള്ള പണി പൂർത്തീകരിച്ചു.<br>7. പദ്ധതി പ്രദേശത്തേയ്ക്ക് കാട്ടാക്കടയിൽ നിന്നും ബാലരാമപുരം വഴി 220 കെ.വി വൈദ്യുതി എത്തിക്കുന്നതിനുള്ള നിർമ്മാണോദ്ഘാടനം ബഹു.മുഖ്യമന്ത്രി 2013 മെയ് 17-ാം തീയതി നിർവ്വഹിക്കുകയുണ്ടായി.<br>8. പദ്ധതി പ്രദേശത്തേയ്ക്കുള്ള 600 മീറ്റർ താൽക്കാലിക റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചു. എൻ എച്ച് ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന പണി എൻ.എച്ച് ബൈപ്പാസിന്റെ പണി പൂർത്തിയായതിനുശേഷം ആരംഭിക്കും.<br>9. പ്രദേശത്തെ റെയിൽവേയുമായി ബന്ധിപ്പിക്കുന്നതിനുള്ള സർവ്വെ പൂർത്തിയാക്കി, റെയിൽ അലൈൻമെന്റ് കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. നിർദ്ദിഷ്ട റെയിൽ പാത കേന്ദ്ര റെയിൽ ബജറ്റിൽ ലാസ്റ്റ് |

| | | | |
|---|---|---|---|
| | | | മൈൽ കണക്ടിവിറ്റിയ്ക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>10. നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ ഇന്ത്യൻ നേവിയ്ക്കായി 500 മീറ്റർ ബർത്തും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി 25 ഏക്കർ സ്ഥലവും നൽകാൻ ധാരണയായിട്ടുണ്ട്. ഇന്ത്യൻ കോസ്റ്റ് ഗാർഡിന് അവരുടെ ആവശ്യപ്രകാരം 120 മീറ്റർ ബർത്തും അനുബന്ധ സൗകര്യങ്ങൾക്കായി 15 ഏക്കർ ഭൂമി നൽകുവാനും ധാരണയായിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായി വരുന്ന തുക ഇന്ത്യൻ നേവിയും, ഇന്ത്യൻ കോസ്റ്റ് ഗാർഡും വഹിക്കാം എന്ന ധാരണയിന്മേലാണ് ഇത് തത്വത്തിൽ അംഗീകരിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | മദർപോർട്ടുമായി ബന്ധപ്പെട്ട് അനുബന്ധ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | മദർപോർട്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അനുബന്ധ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ബാഹ്യാടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പദ്ധതി പ്രദേശത്തേക്ക് വെള്ളായണി ശുദ്ധജലതടാകത്തിൽ നിന്നും 3 എം.എൽ.ഡി ജലം എത്തിക്കുന്നതിനുള്ള പണി പൂർത്തീകരിച്ചു. ഇതിൽ 1.5 എം.എൽ.ഡി ശുദ്ധജലം, ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശവാസികൾക്ക് തുറമുഖ കമ്പനിയുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി നൽകി വരുന്നു. പദ്ധതി പ്രദേശത്തേക്ക് കാട്ടാക്കടയിൽ നിന്നും ബാലരാമപുരം വഴി 220 കെ വി വൈദ്യുതി എത്തിക്കുന്നതിനുള്ള നിർമ്മാണോദ്ഘാടനം ബഹു.മുഖ്യമന്ത്രി 2013 മേയ് 17-ാം തീയതി നിർവ്വഹിക്കുകയുണ്ടായി.<br>പദ്ധതി പ്രദേശത്തേയ്ക്കുള്ള 600 മീറ്റർ താത്ക്കാലിക റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചു. പ്രദേശത്തെ റെയിൽവെയുമായി ബന്ധിപ്പിക്കുന്നതിനുള്ള സർവ്വെ പൂർത്തിയാക്കി. റെയിൽ അലൈൻമെന്റ് കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. നിർദ്ദിഷ്ട റെയിൽ പാത കേന്ദ്ര റെയിൽ ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയ്ക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ